# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 13

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

മൂന്നാം വർഷ ബി.പി.ടി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 27ന് ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/287/2019)

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2017 അഡ്മിഷൻ റഗുലർ, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 20ന് ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 19 വരെയും 500 രൂപ പിഴയോടെ 20 വരെയും 1000 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/288/2019)

അഞ്ചും ആറും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്.എസ്.-പ്രൈവറ്റ് - റഗുലർ/സപ്ലിമെന്ററി - മാർച്ച് 2019) പരീക്ഷകൾ മാർച്ച് 15ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/289/2019)

ബി.ടെക് ഒന്നും രണ്ടും സെമസ്റ്റർ (പുതിയ സ്‌കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്, പഴയ സ്‌കീം - 1997-2009 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 13നും നാലാം സെമസ്റ്റർ (പുതിയ സ്‌കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 14നും ആരംഭിക്കും. ആറാം സെമസ്റ്റർ (പുതിയ സ്‌കീം-2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ മൂന്നിന് ആരംഭിക്കും. എട്ടാം സെമസ്റ്റർ (പഴയ സ്‌കീം - 1997-2009 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 14നും ഏഴാം സെമസ്റ്റർ (പഴയ സ്‌കീം - 1997-2009 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 13നും ആരംഭിക്കും. ആറാം സെമസ്റ്റർ (പഴയ സ്‌കീം - 1997-2009 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ മൂന്നിനും നാലാം സെമസ്റ്റർ (പഴയ സ്‌കീം - 1997-2009 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 14നും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/290/2019)

ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്‌സി. നഴ്‌സിംഗ് (പഴയ സ്‌കീം - 2007- 2009 അഡ്മിഷൻ) പരീക്ഷകൾ ഫെബ്രുവരി 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/291/2019)

**പ്രാക്ടിക്കൽ**

2018 ഡിസംബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് വോക്കൽ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 25 മുതൽ മാർച്ച് ഒന്നു വരെ ആർ.എൽ.വി. കോളേജിൽ നടക്കും.

(പി.ആർ.ഒ./39/292/2019)

രണ്ടാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) ജനുവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 18ന് മാന്നാനം കെ.ഇ. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/293/2019)

## പരീക്ഷ ഫലം

2018 സെപ്റ്റംബറിൽ നടന്ന ഒന്നാംവർഷ ബി.എസ്‌സി. നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/294/2019)

## ബി.ടെക് ഉത്തരക്കടലാസുകൾ എത്തിക്കണം

വിവിധ ബി.ടെക് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനായി കോളേജുകളിൽ നിന്നും സർവകലാശാലയിൽ എത്തിക്കണം. സിൽവർ ജൂബിലി പരീക്ഷഭവനിലെ റൂം നമ്പർ 511ൽ ഫെബ്രുവരി 16നകം ഉത്തരക്കടലാസുകൾ നൽകണം.

(പി.ആർ.ഒ./39/295/2019)

## സെനറ്റ് യോഗം

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിന്റെ വാർഷിക യോഗം മാർച്ച് 30ന് രാവിലെ 10ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും. ചോദ്യങ്ങൾ ഫെബ്രുവരി 27നകവും പ്രമേയങ്ങൾ മാർച്ച് രണ്ടിനകവും രജിസ്ട്രാർക്ക് നൽകണം.

(പി.ആർ.ഒ./39/296/2019)

## എം.ജി. സർവകലാശാലയിൽ 100 ഗവേഷകർക്ക്
## ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്

മഹാത്മാഗാന്ധി സർവകലാശാലയിലെ പഠനവകുപ്പുകളിലെയും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെയും മുഴുവൻ സമയ ഗവേഷകർക്ക് ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് അനുവദിച്ച് സർവകലാശാല ഉത്തരവായി. 100 പേർക്കാണ് ഫെല്ലോഷിപ്പ് അനുവദിച്ചത്. മാസം 12,000 രൂപയാണ് ഫെല്ലോഷിപ്പ്. വർഷം 5000 രൂപ കണ്ടിജൻസി ഗ്രാന്റായും നൽകും.

മൂന്നുവർഷത്തേക്കാണ് ഫെല്ലോഷിപ്പ് ലഭിക്കുക. മൂന്നുവർഷമോ അതിൽ കൂടുതലോ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള ഫെല്ലോഷിപ്പ് ലഭിച്ചവർക്കും 50 വയസിനു മുകളിൽ പ്രായമുള്ളവർക്കും ഫെല്ലോഷിപ്പ് ലഭിക്കില്ല. റഫറീഡ് ജേർണലിലുള്ള ഒരു പ്രസിദ്ധീകരണം, ദേശീയ/രാജ്യാന്തര കോൺഫറൻസിൽ ലേഖനാവതരണം എന്നിവ ഉൾപ്പെടുത്തിയ ഗവേഷണ പുരോഗതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മൂന്നാംവർഷ ഫെല്ലോഷിപ്പ് അനുവദിക്കുക. ഗവേഷണ മാർഗദർശി രണ്ടാംവർഷം അവസാനം ഗവേഷകവിദ്യാർഥിയുടെ ഗവേഷണ പുരോഗതി റിപ്പോർട്ട് സർവകലാശാലയ്ക്ക് നൽകണം. ഗവേഷണ പുരോഗതി തൃപ്തികരമല്ലെങ്കിൽ ഫെല്ലോഷിപ്പിൽനിന്ന് ഒഴിവാക്കും.

പഠനവകുപ്പ് ഡയറക്ടർമാരും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെ തലവൻമാരും വഴിയാണ് ഫെല്ലോഷിപ്പ് വിതരണം ചെയ്യുക. ഫെലോഷിപ്പ് തുക അതതു സാമ്പത്തിക വർഷം തന്നെ കൈപ്പറ്റണം. 197 പേരാണ് ഫെല്ലോഷിപ്പിനായി അപേക്ഷിച്ചത്. ഇതിൽനിന്ന് സീനിയോറിട്ടി-മെരിറ്റ് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റിയൂട്ടറി സെലക്ഷൻ കമ്മിറ്റിയാണ് 100 പേരെ ശിപാർശ ചെയ്തത്. ജനുവരി 22 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം സെലക്ഷൻ കമ്മിറ്റി ശുപാർശ അംഗീകരിച്ചു. ഫെല്ലോഷിപ്പ് അനുവദിച്ച വിദ്യാർഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചു. യു.ജി.സി./സി.എസ്.ഐ.ആർ. ജെ.ആർ.ഫ്. ഫെല്ലോഷിപ്പ് നിബന്ധനകൾക്ക് അനുസരിച്ചായിരിക്കും അടുത്ത അധ്യയന വർഷം മുതൽ ഫെല്ലോഷിപ്പ് നേടുന്നതിനുള്ള പ്രായപരിധി നിശ്ചയിക്കുക.

(പി.ആർ.ഒ./39/297/2019)

## 'സംഘർഷാത്മക ലോകത്തിലെ
## മൈത്രി'; ദ്വിദിന ദേശീയ സെമിനാർ

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയും ഡോ. പൗലോസ്

മാർ ഗ്രിഗോറിയസ് ചെയറും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്നു. 'സംഘർഷാത്മക ലോകത്തിലെ മൈത്രി' എന്ന വിഷയത്തിൽ നടന്ന സെമിനാർ ഗാന്ധിയൻ ചിന്തകൻ കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. ജി.സി.ആർ.ഡി. ഡയറക്ടർ ഡോ. ജേക്കബ് പുളിക്കൻ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്ല്യാസ്, പൗലോസ് മാർ ഗ്രിഗോറിയസ് ചെയറിന്റെ അധ്യക്ഷൻ ഫാ. കെ.എം. ജോർജ്, പ്രൊഫ. അനന്തകുമാർ ഗിരി, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. പി.പി. നൗഷാദ് എന്നിവർ പ്രസംഗിച്ചു. ഡോ. കെ.എം. ജോർജ്, ഡോ.എം. പനീർസെൽവം, ഡോ.എം.ആർ. ഗോപാലകൃഷ്ണൻ, ഡോ.എം.വി. ശിവകുമാർ, ഡോ. ജാസ്മിൻ അലക്സ്, ഡോ. പി.വി. ജിജി, ഡോ. ബിജു ലക്ഷ്മണൻ, ഡോ. മാത്യു കുര്യൻ, ഷീജ, റിൻസിമോൾ മാത്യു, ഡോ. സജി വർഗീസ്, ഡോ. റജീഷ്, അനൂപ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

(പി.ആർ.ഒ./39/298/2019)

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയും ഡോ. പൗലോസ് മാർ ഗ്രിഗോറിയസ് ചെയറും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ ഗാന്ധിയൻ ചിന്തകൻ കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ